<u>പതിനാലാം കേരള നിയമസഭ</u>
<u>പതിനാറാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 87** **30.10.2019-ൽ മറുപടിയ്ക്ക്**

**എക്സൈസിൽ മൂന്നാംമുറ ഒഴിവാക്കാൻ നടപടി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.കെ.സി.ജോസഫ്**<br>**" വി.ടി.ബൽറാം**<br>**" എൽദോസ് പി.കുന്നപ്പിള്ളിൽ**<br>**" വി.പി.സജീന്ദ്രൻ** | **ശ്രീ. ടി.പി.രാമകൃഷ്ണൻ**<br>**തൊഴിലും എക്സൈസും വകുപ്പുമന്ത്രി** |

| | | | |
|---|---|---|---|
| (എ) | എക്സൈസ് കേസുകളുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലെടുക്കുന്ന പ്രതികൾ കസ്റ്റഡിയിൽ കൊല്ലപ്പെടുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നുവെന്ന ആക്ഷേപം വസ്തുതാപരമാണോ; | (എ) | വസ്തുതാപരമല്ല. |
| (ബി) | പ്രതികളെ കസ്റ്റഡിയിലെടുക്കുന്നതിനും ചോദ്യം ചെയ്യുന്നതിനും ഉള്ള നടപടിക്രമങ്ങൾ വ്യക്തമാക്കി എക്സൈസ് കമ്മീഷണർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) യും | ഉണ്ട്.<br>(പകർപ്പ് അനുബന്ധമായി ചേർക്കുന്നു.) |
| (സി) | എങ്കിൽ പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (സി) യും | |
| (ഡി) | ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രതികൾക്കെതിരെ മൂന്നാംമുറ ഉപയോഗിക്കുന്ന എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ കർശന നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | കർശന നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

No. EXC/3209/-XE9/2019

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 11.10.2019
ഫോൺ: 0471-2332632
ഇ-മെയിൽ: eckerala.exc@kerala.gov.in

## സർക്കുലർ നമ്പർ-2/2019

വിഷയം:- എക്സൈസ് കസ്റ്റഡിയിലെടുക്കുന്ന ആൾക്കാരെ കൈമാറ്റം ചെയ്യുന്നത് - സംബന്ധിച്ച്

......

കേസിന്റെ അന്വേഷണത്തിന്റെ ഭാഗമായും കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുകയും തടയുകയും ചെയ്യുന്നതിന്റെ ഭാഗമായുമൊക്കെ സംശയിയ്ക്കപ്പെടുന്ന ആൾക്കാരെ കസ്റ്റഡിയിൽ എടുക്കുകയും അറസ്റ്റ് രേഖപ്പെടുത്തുകയും ചെയ്യേണ്ടത് ആവശ്യമാണ്. ഇത്തരം സാഹചര്യങ്ങളിൽ പാലിച്ചിരിക്കേണ്ട നിയമങ്ങളും നടപടിക്രമങ്ങളും ക്രിമിനൽ നടപടി നിയമം 1973 (Code of Ciminal Procedure 1973) യിൽ നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാ ഉദ്യോഗസ്ഥരുടേയും അറിവിനായി അവയുടെ രത്നചുരുക്കം താഴെ കൊടുക്കുന്നു.

### അറസ്റ്റു ചെയ്യുന്ന ഉദ്യോഗസ്ഥർ പാലിക്കേണ്ട നിയമപരമായ ബാദ്ധ്യതകൾ

1. അറസ്റ്റിന് ശേഷം മെമ്മോ തയ്യാറാക്കണം. അതിൽ ഒന്നുകിൽ അറസ്റ്റ് ചെയ്യപ്പെട്ട ആളിന്റേ കുടുംബാംഗം അല്ലെങ്കിൽ സ്ഥലത്തെ മാന്യരായ, ചുരുങ്ങിയത് ഒരാളെങ്കിലും അതിൽ ഒപ്പ് വയ്ക്കേണ്ടതും അറസ്റ്റ് ചെയ്യപ്പെട്ട ആൾ ഒപ്പിടേണ്ടതുമാണ് (41(B) (d) Crpc).
2. അറസ്റ്റിനെ സംബന്ധിച്ച വിവരം അറസ്റ്റ് ചെയ്യപ്പെട്ട ആളുടെ താൽപര്യപ്രകാരം ടിയാന്റെ കുടുംബാംഗത്തേയോ സുഹൃത്തിനേയോ അറിയിക്കണം (41(B) (c) Crpc).
3. 41(D) അറസ്റ്റ് ചെയ്ത് കസ്റ്റഡിയിലായിരിക്കെ അറസ്റ്റ് ചെയ്യപ്പെട്ട ആളിന് ടിയാന്റെ ഇഷ്ട പ്രകാരമുള്ള അഡ്വക്കേറ്റിന് ടിയാനെ കാണാൻ അനുവദിക്കേണ്ടതാണ്.
4. അറസ്റ്റ് ചെയ്യപ്പെടേണ്ട ആൾ അറസ്റ്റിനെ ബലം ഉപയോഗിച്ച് തടഞ്ഞാൽ ടിയാനെ അറസ്റ്റ് ചെയ്യുന്നതിന് ആവശ്യമായ ബലപ്രയോഗം നടത്താം(46 (2) Crpc). ബലപ്രയോഗം നിയമപരമായി അറസ്റ്റ് നടത്തിയെടുക്കാൻ വേണ്ട മിതമായ അളവിൽ മാത്രം ഉപയോഗിക്കേണ്ടതാണ്.

5. സാധാരണഗതിയിൽ സ്ത്രീകളെ സൂര്യാസ്തമയത്തിനും സൂര്യോദയത്തിനു മിടയിൽ അറസ്റ്റു ചെയ്യരുത്. അങ്ങനെ അറസ്റ്റ് ചെയ്യേണ്ട സാഹചര്യം ഉണ്ടാ യാൽ വനിതാ ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്യാനായി നിയോഗിക്കേണ്ടതും അറസ്റ്റു ചെയ്യുന്ന ഉദ്യോഗസ്ഥ ബന്ധപ്പെട്ട മജിസ്ട്രേറ്റിൽ നിന്നും രേഖാമൂല മുള്ള അനുവാദം വാങ്ങിയിരിക്കേണ്ടതുമാണ് (46(4) Crpc).

6. അറസ്റ്റു ചെയ്യപ്പെടേണ്ട ആൾ ഒരു വീട്ടിൽ ഒളിച്ചിരിക്കുകയാണെങ്കിലും, അറസ്റ്റ് ചെയ്യുന്നതിന് വീട് തുറന്ന് തന്നില്ലായെങ്കിലും ബലം പ്രയോഗിച്ച് വീട് തുറക്കാവുന്നതും, അങ്ങനെ തുറക്കുമ്പോൾ പ്രതിയല്ലാതെ തൽസമയം അന്യപരുഷൻമാരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നതിന് ആചാരപ്രകാരം തടസ്സ മുള്ള സ്ത്രീകൾക്ക് ആ വീട്ടിനുള്ളിൽ ഉണ്ടങ്കിൽ അവർക്ക് ഒഴിയുന്നതിനുള്ള സാവകാശം നൽകേണ്ടതാണ് (47 Crpc).

7. അഎസ്റ്റ് ചെയ്യുന്ന ആളിന്റെ മേൽ അനാവശ്യ ബലപ്രയോഗം നടത്തരുത് (49 Crpc).

8. അറസ്റ്റ് ചെയ്യപ്പെട്ട ആളിനോട് എന്തിനാണ് അറസ്റ്റ് ചെയ്തത് എന്ന് അറിയി ക്കേണ്ടതും ജാമ്യം ലഭിക്കാവുന്ന കുറ്റമാണെങ്കിൽ ജാമ്യത്തെ സംബന്ധിച്ചി ട്ടുള്ള ടിയാന്റെ അവകാശം പറഞ്ഞു മനസ്സിലാക്കി കൊടുക്കേണ്ടതുമാണ് (50 Crpc).

9. അറസ്റ്റ് സംബന്ധിച്ചും ടിയാനെ സൂക്ഷിക്കുന്ന സ്ഥലത്തെ സംബന്ധിച്ചും ടിയാന്റെ ബന്ധുക്കൾക്ക്/സുഹൃത്തുക്കൾക്ക്/ടിയാൻ ആവശ്യപ്പെടുന്ന ആളിന് വിവരം നൽകണം. ആ വിവരം സ്റ്റേഷനിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണം (50 A Crpc).

10. അറസ്റ്റു ചെയ്ത ആളിന്റെ ദേഹപരിശോധന നടത്തേണ്ടതും (Crpc 51) ഏതെങ്കിലും തരത്തിലുള്ള ആയുധങ്ങൾ ഉണ്ടെങ്കിൽ പിടിച്ചെടുക്കേണ്ടതുമാണ്.

11. അറസ്റ്റു ചെയ്ത പ്രതിയെ ഒട്ടും താമസിയ്ക്കാതെ തന്നെ മെഡിക്കൽ പരി ശോധനയ്ക്ക് വിധേയമാക്കണം (Crpc 54). അറസ്റ്റു ചെയ്ത സമയം മുതൽ അറസ്റ്റു ചെയ്യപ്പെട്ട ആളുടെ ആരോഗ്യവും സുരക്ഷയും അറസ്റ്റു ചെയ്ത ആളിന്റെ ഉത്തരവാദിത്വമാണ് (Crpc 55 A).

12. അറസ്റ്റു ചെയ്യപ്പെട്ട ആളിനെ 24 മണിക്കൂറിനകം മജിസ്ട്രേറ്റിനു മുൻപാകെ ഹാജരാക്കണം (5 Crpc). ജാമ്യം നൽകാവുന്ന കേസിൽ ആണെങ്കിൽ സ്വന്തം ജാമ്യത്തിലോ, മറ്റുള്ളവരുടെ ജാമ്യത്തിലോ വിട്ടയക്കാം (Crpc 55 A).

13. ക്രിമിനൽ നടപടിക്രമത്തിനോ മറ്റേതെങ്കിലും നിയമത്തിലോ പറഞ്ഞിരിക്കുന്ന നടപടിക്രമങ്ങൾക്ക് വിരുദ്ധമായി ഒരാളെ അറസ്റ്റു ചെയ്യാനോ അന്യായമായി തടങ്കലിൽ വയ്ക്കാനോ പാടില്ല. (Crpc 60 A).

മേൽ പറഞ്ഞിരിക്കുന്ന 11-ാമത്തെ ഖണ്ഡികയിൽ നിഷ്കർഷിക്കുന്നതുപോലെ കസ്റ്റഡിയിൽ എടുക്കപ്പെട്ട ആളിന്റെ ആരോഗ്യവും സുരക്ഷയും പരിപാലിയ്ക്കാനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. അതിനാൽ കസ്റ്റഡിയിൽ എടുക്കുന്ന വ്യക്തികളെ ചോദ്യം ചെയ്യുമ്പോഴും അവരിൽ നിന്നും കുറ്റകൃത്യം സംബന്ധിച്ച വിവരങ്ങൾ ശേഖരിയ്ക്കാൻ ശ്രമിയ്ക്കുമ്പോഴും കുറ്റകൃത്യത്തോടനുബന്ധിച്ച വസ്തുവകകൾ, തൊണ്ടിമുതലുകൾ എന്നിവ വീണ്ടെടുക്കാൻ ശ്രമിയ്ക്കുമ്പോഴും തികഞ്ഞ അവധാനത ഓരോ ഉദ്യോഗസ്ഥനും പാലിക്കേണ്ടതാണ്.

ശാസ്ത്രീയമായ കുറ്റന്വേഷണരീതികളാണ് ഇതിനായി അവലംബിക്കേണ്ടത്. ശാരീരികമായ ബലപ്രയോഗമോ, മൂന്നാംമുറ എന്ന് വിവക്ഷിയ്ക്കപ്പെടുന്ന തരത്തിലുള്ള മർദ്ദനമുറകളോ ഒരു കാരണവശാലും അംഗീകരിയ്ക്കാവുന്നതല്ല. കുറ്റവാളിയേയും കുറ്റകൃത്യത്തേയും കുറിച്ച് ആവശ്യമായ ഗൃഹപാഠം ചെയ്ത് കസ്റ്റഡിയിലുള്ള വ്യക്തിയുടെ മാനസികനിലയും സ്വഭാവ പ്രത്യേകതകളും മനസ്സിലാക്കി അതിനനുസരിച്ചുള്ള ചോദ്യം ചെയ്യൽ പദ്ധതി അനുവർത്തിച്ചാൽ ഒരു തരത്തിലുമുള്ള ബലപ്രയോഗവും കൂടാതെ തന്നെ കിട്ടാവുന്ന വിവരങ്ങൾ ശേഖരിയ്ക്കാൻ സാധിയ്ക്കുന്നതാണ്.

ഒരു കുറ്റകൃത്യം കണ്ടെത്താനായി ഒരു ടീമിനേയോ, ഉദ്യോഗസ്ഥരെ ഒറ്റയ്ക്കായോ നിയമിയ്ക്കുമ്പോൾ പ്രസ്തുത പ്രവർത്തനത്തിൽ ഉടനീളം എക്സൈസ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത മേലുദ്യോഗസ്ഥന്റെ നിരന്തരമായ മേൽനോട്ടം ആവശ്യമാണ്. പ്രസ്തുത അന്വേഷണ ഉദ്യോഗസ്ഥരുടെ ദൈനംദിന പ്രവർത്തനങ്ങൾ അവരെ നിയോഗിയ്ക്കുന്ന മേലുദ്യോഗസ്ഥർ നിരന്തരമായി നിരീക്ഷിച്ചുകൊണ്ടിരിക്കേണ്ടതും അവർക്കാവശ്യമായ നിർദ്ദേശങ്ങൾ നല്കികൊണ്ടിരിക്കേണ്ടതുമാണ്.

പ്രാധാന്യമുള്ള കേസുകൾ, കൊടുംകുറ്റവാളികൾ, ചെറിയ അളവിൽ കൂടുതലായുള്ള തൊണ്ടിമുതലുകൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ എന്നിവയിൽ അറസ്റ്റ്, ചോദ്യം ചെയ്യൽ മുതലായ നടപടികൾക്ക് ചുരുങ്ങിയത് എക്സൈസ് ഇൻസ്പെക്ടർ തലത്തിലുള്ള ഉദ്യോഗസ്ഥനെങ്കിലും കഴിയുന്നതും നേരിട്ട് നേതൃത്വം നല്കേണ്ടതാണ്.

മേൽപറഞ്ഞ തരം കേസുകൾ ഉണ്ടായാൽ അതിനെകുറിച്ചുള്ള വിവരം ബന്ധപ്പെട്ട ടീമിലുള്ള ഉദ്യോഗസ്ഥർ എത്രയും പെട്ടെന്ന് തന്നെ അവരുടെ മേൽനോട്ടചുമതലയുള്ള/അവരെ പ്രസ്തുത അന്വേഷണത്തിന് നിയോഗിച്ച എക്സൈസ്

ഇൻസ്പെക്ടർ/എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ/അസിസ്റ്റൻന്റ് എക്സൈസ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ ഫോൺ മുഖാന്തിരമോ നേരിട്ടോ എറ്റവും എളുപ്പവും സാഹചര്യങ്ങൾക്ക് യോജിച്ചതും ആയ രീതിയിൽ അറിയിക്കേണ്ടതാണ്.

ഇത്തരത്തിൽ വിവരം ലഭിയ്ക്കുന്ന മേലുദ്യോഗസ്ഥൻ അതായത് എക്സൈസ് ഇൻസ്പെക്ടർ/എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ/അസിസ്റ്റൻന്റ് എക്സൈസ് കമ്മീഷണർ, മേൽപറഞ്ഞതുപോലെ നേരിട്ട് അന്വേഷണപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കേണ്ടതാണ്. ഇതിനു പുറമേ ഈ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറെ ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ കേസിന്റെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

മേൽപറഞ്ഞപ്രകാരം കേസുകൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ മറ്റൊരു അന്വേഷണ ഉദ്യോഗസ്ഥന് അന്വേഷണം നിയമപരമായി കൈമറേണ്ടതായുള്ള കേസുകൾ അവ രജിസ്റ്റർ ചെയ്ത് 48 മണിക്കൂറിനകം ബന്ധപ്പെട്ട കേസ് ഡയറിയും അനുബന്ധരേഖകളും സഹിതം കൈമാറിയിരിക്കേണ്ടതാണ്. ഇപ്രകാരമുള്ള കേസുകളിൽ തൊണ്ടി മുതലുകൾ കസ്റ്റഡിയിൽ എടുക്കുന്നതിനും അറസ്റ്റ് ചെയ്യപ്പെടുന്ന പ്രതികളെ നിയമപരമായി പരിശോധന ചെയ്ത് മെഡിക്കൽ പരിശോധന നടത്തി കോടതിയ്ക്ക് മുമ്പിൽ ഹാജരാക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ കേസ് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥർ തന്നെ നിർവ്വഹിയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

കേസന്വേഷണം, അതിന്റെ മേൽനോട്ടം, ചാർജ്ജ് സമർപ്പണം, കോടതിയിലെ അതിന്റെ പുരോഗതിയുടെ നിരീക്ഷണം മുതലായവ എക്സൈസ് ഇൻസ്പെക്ടർ മുതൽ ബന്ധപ്പെട്ട ജോയിന്റ് എക്സൈസ് കമ്മീഷണർമാർ വരെ ഉത്തരവാദിത്വമെടുത്തും ക്രിയാത്മകമായി ഇടപ്പെട്ടും ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയും മുന്നോട്ടു കൊണ്ടുപോകേണ്ട ഒരു പ്രക്രിയയാണ്. കേസ് അന്വേഷിയ്ക്കുന്ന ഉദ്യോഗസ്ഥൻ സ്വന്തം നിലയ്ക്ക് ഈ കാര്യങ്ങളൊക്കെ ചെയ്തു തീർക്കുകയും അതിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, ജോയിന്റ് എക്സൈസ് കമ്മീഷണർ എന്നീ തലങ്ങളിലുള്ള ഉദ്യോഗസ്ഥർ ഒരു തരത്തിലുമുള്ള ഇടപെടൽ നടത്തുകയോ, താല്പര്യം കാണിയ്ക്കുകയോ ചെയ്യാതിരിക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകാൻ പാടില്ല.

അസിസ്റ്റൻന്റ് എക്സൈസ് കമ്മീഷണർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, ജോയിന്റ് എക്സൈസ് കമ്മീഷണർ എന്നിവർ എല്ലാ മാസവും അവരവരുടെ യൂണിറ്റുകളിൽ അന്വേഷണത്തിലിരിയ്ക്കുന്ന കേസുകളുടെ അന്വേഷണപുരോഗതി കേസുകൾ ഓരോന്നായെടുത്ത് വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നല്കേണ്ടതും കേസുകളുടെ അന്വേഷണത്തിൽ മനഃപൂർവ്വം കാലതാമസമോ വീഴ്ചയോ ഉണ്ടായതായി ശ്രദ്ധയിൽ പ്പെടുകയാണെങ്കിൽ അനന്തര നടപടികൾ എടുക്കേണ്ടതുമാണ്.

ഓരോ മാസവും ഡിവിഷനുകളുടെ ചുമതയുള്ള ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അവരുടെ കീഴിലുള്ള എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി

നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകളുടെ ചുമതലയിലുള്ള കേസുകൾ ഉൾപ്പെടെ മൊത്തം കേസുകളുടെ നടപ്പവസ്ഥയുടെ ഒരു റിപ്പോർട്ട് എല്ലാ മാസവും 10-ാം തീയതിയ്ക്കകം കിട്ടത്തക്കവണ്ണം എക്സൈസ് കമ്മീഷണർ, അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) എന്നിവർക്ക് അയച്ചുതരേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിൽ ഓരോ കേസിന്റേയും നമ്പർ മുതലായ അടിസ്ഥാന വിവരങ്ങൾക്ക് പുറമേ റിപ്പോർട്ട് ചെയ്യുന്ന മാസത്തിൽ ചെയ്ത അന്വേഷണ പ്രവർത്തനങ്ങൾ, ഇനി ചെയ്യാനായി ബാക്കിയുള്ള കാര്യങ്ങൾ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ നിർദ്ദേശങ്ങൾ, അന്വേഷണം പൂർത്തിയാക്കാൻ സാധിയ്ക്കുന്ന തീയതി എന്നിവ ഉൾക്കൊള്ളിച്ചിരിക്കേണ്ടതാണ്.

**എക്സൈസ് കമ്മീഷണർ**

To

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം)
2. അഡീഷണൽ എക്സൈസ് കമ്മീഷണർ(എൻഫോഴ്സ്മെന്റ്)
3. എക്സൈസ് വിജിലൻസ് ഓഫീസർ
4. എല്ലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്കും
5. എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും
6. എല്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും
7. എല്ലാ സർക്കിൾ ഇൻസ്പെക്ടർമാർക്കും
8. എല്ലാ എക്സൈസ് ഇൻസ്പെക്ടർമാർക്കും
9. എല്ലാ സർക്കിൾ ഓഫീസുകളും
10. എല്ലാ റെയിഞ്ച് ഓഫീസുകളും

സെക്ഷൻ ഓഫീസർ